**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനഞ്ചാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 570** — 01.12.2015 - **ൽ മറുപടി നൽകേണ്ടിയിരുന്നത്.**

## നാട്ടിക വ്യവസായ വിവര സാങ്കേതിക പ്രവർത്തനങ്ങൾ

<u>ചോദ്യം</u>
ശ്രീമതി. ഗീതാ ഗോപി

**<u>മറുപടി</u>**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ എന്തെല്ലാം വ്യവസായ-വിവര സാങ്കേതിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-12 ൽ നാട്ടിക നിയോജക മണ്ഡലത്തിലെ തളിക്കുളം ബ്ലോക്കിൽ രണ്ട് ലക്ഷം രൂപ വീതമുള്ള 4 പ്രോജക്ടുകൾ 4 ഗ്രൂപ്പുകൾക്കായി റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. കൂടാതെ തളിക്കുളം വികാസ് ട്രസ്റ്റിലെ പരിശീലന പരിപാടിയിൽ 60 പേർക്ക് തയ്യലിനും 10 പേർക്ക് ആഭരണ നിർമ്മാണത്തിനും പരിശീലനം നൽകി. 2014-15 ൽ 2 കുടുംബശ്രീ യൂണിറ്റുകളിലായി 10 അംഗങ്ങൾക്ക് വീതം 4 ലക്ഷം രൂപ ലോണും 4 ലക്ഷം രൂപ സബ്സിഡിയും നൽകിക്കൊണ്ട് ഫാഷൻ ഡിസൈനിങ്ങിനും ജ്വല്ലറി മേക്കിംഗിലും പരിശീലനം നൽകി. ഇതേ കാലയളവിൽ തന്നെ 10 പേർ വീതമുള്ള 2 ഗ്രൂപ്പുകൾക്ക് 8,80,000 രൂപ കാറ്ററിംഗ് & ബേക്കറി സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകിയിട്ടുണ്ട്. ഇതിൽ 4 ലക്ഷം രൂപ ലോണും 4 ലക്ഷം രൂപ സബ്സിഡിയും 80,000 രൂപ |

ട്രെയിനിംഗ് ചിലവുകളുമാണ്. 2015-16 -ൽ 2 വ്യവസായ സെമിനാറുകൾ നടത്തി. അതിൽ 160 പേർ പങ്കെടുക്കുകയും 80 ഓളം പേർ യൂണിറ്റ് ആരംഭി ക്കുന്നതിനായി മുന്നോട്ട് വരുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 10 പേർക്കുള്ള സ്കിൽ ഡെവല പ്മെന്റ് പ്രോഗ്രാം നടന്നുകൊണ്ടി രിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രവർത്തനങ്ങൾ നടക്കാത്തതിന് എന്തെങ്കിലും കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (ബി) : | പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.